**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5650** **03-11-2021 - ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണം സംബന്ധിച്ച് സർക്കാർ ശേഖരിച്ച കണക്കുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് മയക്കമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. 2020 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെ സംസ്ഥാനത്ത് 6540 എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുക്കുകയും, ടി കേസുകളിലായി 6651 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിൽ മയക്കമരുന്ന് പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കുമോ; മുൻവർഷത്തേക്കാൾ ഇതിന്റെ തോത് എത്രയാണെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് 2020 ഒക്ടോബർ 1 മുതൽ 2021 സെപ്റ്റംബർ 30 വരെയുള്ള കഴിഞ്ഞ ഒരു വർഷ കാലയളവിൽ 4789.184 കിലോഗ്രാം ഗഞ്ചാവ്, 917 ഗഞ്ചാവ് ചെടി, 14797.090 ഗ്രാം ഹാഷിഷ്, 1.180 ഗ്രാം ഹെറോയിൻ, 99.600 ഗ്രാം ബ്രൗൺ ഷുഗർ, 2954.815 ഗ്രാം എം.ഡി.എം.എ, 4.68 ഗ്രാം എൽ.എസ്.ഡി. എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. തൊട്ടു മുൻപുള്ള 2019 ഒക്ടോബർ 1 മുതൽ 2020 സെപ്റ്റംബർ 30 വരെയുള്ള ഒരു വർഷ കാലയളവിൽ 2968.110 കിലോഗ്രാം ഗഞ്ചാവ്, 1148 ഗഞ്ചാവ് ചെടി, 1516.084 ഗ്രാം ഹാഷിഷ്, 21.280 ഗ്രാം ഹെറോയിൻ, 30.511 ഗ്രാം ബ്രൗൺ ഷുഗർ, 159.753 ഗ്രാം എം.ഡി.എം.എ, 2.549 ഗ്രാം എൽ.എസ്.ഡി. എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് കുട്ടികളിലെ ലഹരി ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇതു തടയുന്നതിനായി പ്രത്യേകമായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (സി) | വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും 'ഉണർവ്വ്' എന്ന പേരിൽ കായിക പരിശീലന പദ്ധതി ആവിഷ്കരിച്ചും കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിനുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. SPC, NCC, NSS എന്നിവ മുഖേനയും ലഹരി വിരുദ്ധ ആശയങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നു. ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചുവരുന്നു. കുട്ടികൾക്ക് |

| | | | |
|---|---|---|---|
| | | | മയക്കമരുന്ന് വില്പന നടത്തുന്നവർക്കെതിരെയും, കുട്ടികളെ ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന കുറ്റവാളികൾക്കെതിരെയും ജുവനൈൽ ജസ്റ്റിസ് ആക്റ്റ് പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തിക്കൊണ്ട് Juvenile Justice (Care and Protection of Children) Model Rules, 2016-ലെ 56(1), 57(1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗവും, വിപണനവും തടയുന്നതിനായി നിലവിലെ സംവിധാനം അപര്യാപ്തമാണെന്നതിനാൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗവും, വിപണനവും തടയുന്നതിനായി നിലവിലെ സംവിധാനം പര്യാപ്തമാണ്. എന്നിരുന്നാലും മയക്കമരുന്നുകളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനായി ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ രഹസ്യ വിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിക്കുകയും, ലഹരിമരുന്നു കേസുകൾ കണ്ടെടുക്കുന്നതിന് പ്രാമുഖ്യം നൽകി എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും, സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും, മേഖലാ സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു. സ്കൂൾ/ കോളേജ് പരിസരങ്ങളിലെ കടകൾ, ഓൺലൈൻ ഉൾപ്പെടെയുള്ള പാഴ്സൽ സർവ്വീസ് സ്ഥാപനങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ബസ്സുകൾ, ആഡംബര വാഹനങ്ങൾ എന്നിവ ഉൾപ്പെടെയുള്ളവ പരിശോധിച്ച് മയക്ക മരുന്നുകളുടെ വിപണനം തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ